## IV. ശ്രദ്ധക്ഷണിക്കൽ

### (1) ശബരിമല വികസനം

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, കഴിഞ്ഞ ശബരിമല തീർഥാടനം വളരെ സുഗമമായി സംഘടിപ്പിച്ച ഗവൺമെന്റിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വിവിധ വകുപ്പുമന്ത്രിമാരെയും ദേവസ്വം ബോർഡിനെയും അഭിനന്ദിക്കുന്നു. പരാതികളില്ലാത്ത തരത്തിൽ തീർഥാടകർക്കെല്ലാം സുരക്ഷിതമായ തീർഥാടന സൗകര്യമൊരുക്കിയ ഒരു കാലമായിരുന്നു കഴിഞ്ഞ തീർഥാടനകാലം. വളരെ മുൻകൂട്ടി ജൂലൈ മാസത്തോടുകൂടി ആരംഭിച്ച തയ്യാറെടുപ്പുകളാണ് അങ്ങനെയൊരു തീർഥാടനകാലം സാധ്യമാക്കിയത്. തുടർന്നുള്ള വർഷങ്ങളിലും കാലേകൂട്ടിയുള്ള അത്തരം തയ്യാറെടുപ്പുകൾ നടത്തണമെന്നാവശ്യപ്പെടുകയാണ്. ഇത്തവണ പമ്പയിലും നിലയ്ക്കലും സന്നിധാനത്തുമെല്ലാം ധാരാളം താൽക്കാലിക സംവിധാനങ്ങൾ ഗവൺമെന്റും ദേവസ്വം ബോർഡും ഒരുക്കിയിരുന്നു. 2018-ലെ പ്രളയത്തിൽ പമ്പയിലെ വിരിപ്പന്തലുൾപ്പെടെ തകർന്നുവെന്ന വസ്തുത നമുക്കറിയാവുന്നതാണ്. പമ്പയിലും നിലയ്ക്കലുമായി വലിയ ജർമ്മൻ പന്തലുകൾ ഉപയോഗിച്ചുകൊണ്ടുള്ള

താൽക്കാലിക സംവിധാനങ്ങൾ ഭക്തർക്ക് വലിയ ആശ്വാസമായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഇതെല്ലാം സ്ഥിരം സംവിധാനങ്ങളാക്കി മാറ്റാൻ കഴിയണം. പാർക്കിങ്ങിന് മുൻകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ധാരാളം പുതിയ ഓപ്ഷനുകൾ നാം സ്വീകരിച്ചിരുന്നു. പ്രത്യേകിച്ച് എരുമേലിയിൽ ഹൗസിങ് ബോർഡിന്റെ സ്ഥലം, സീതത്തോടിലെ സ്ഥലം ഉൾപ്പെടെ തുടർന്നുള്ള വർഷങ്ങളിൽ അവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിയണം. പമ്പയിലും ശബരിമലയിലും എത്തുന്ന തീർത്ഥാടകരുടെ വർഷങ്ങളായുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായിരുന്ന കുടിവെള്ളം. വാട്ടർ അതോറിറ്റിയുടെയും ഗവൺമെന്റിന്റെയും വലിയ ഇടപെടലിന്റെ ഭാഗമായി അക്കാര്യത്തിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിലയ്ക്കലിലുള്ള ദേവസ്വം ബോർഡിന്റെ ടാങ്കിൽ ഇത്തവണ വെള്ളമെത്തിക്കാൻ കഴിഞ്ഞു. കുടിവെള്ളവുമായി ബന്ധപ്പെട്ട് അവശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ കൂടി പൂർത്തീകരിക്കാൻ കഴിയണം. അയ്യപ്പഭക്തരുടെ വർഷങ്ങളായുള്ള വിവിധ ആവശ്യങ്ങൾ കോർത്തിണക്കിക്കൊണ്ട് ഗവൺമെന്റ് വിശദമായൊരു ലേഔട്ട്

പ്ലാൻ തയ്യാറാക്കി അത് അംഗീകരിച്ചു എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. 778 കോടിയോളം രൂപയുടെ ലേഔട്ട് പ്ലാനിനാണ് മന്ത്രിസഭാ യോഗം അംഗീകാരം കൊടുത്തിട്ടുള്ളത് എന്നാണ് മനസ്സിലാക്കുന്നത്. ഇതിൽ നിർദേശിച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ വേഗം ആരംഭിക്കാൻ കഴിയണം. അതോടൊപ്പം തന്നെ റോപ്പ്‌വേയുടെ പ്രശ്നം വർഷങ്ങളായി ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നമായിരുന്നു. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി തന്നെ ഇടപെട്ടുകൊണ്ട് വിവിധ തടസ്സങ്ങൾ നീക്കി അതുമായി മുന്നോട്ട് പോകുന്നുവെന്നാണ് മനസ്സിലാക്കുന്നത്. ആ റോപ്പ്‌വേയുടെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാകണം. ധാരാളം ഇടത്താവളങ്ങളുടെ നിർമ്മാണം കിഫ്ബി വഴി പൂർത്തികരിച്ചുകൊണ്ടിരിക്കുകയാണ്. നിലയ്ക്കലിലെ ഇടത്താവളം പൂർത്തീകരിച്ച് അത് ഭക്തർക്കായി തുറന്നുകൊടുത്തു. ബാക്കി ഇടത്താവളങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുണ്ടാകണം. ഇതെല്ലാം പറയുമ്പോഴും കാനന ക്ഷേത്രമായ ശബരിമലയിൽ ഇനിയും കൂടുതൽ സൗകര്യങ്ങൾ

ഒരുക്കണമെങ്കിൽ വനഭൂമിയാണ് നമുക്ക് അനിവാര്യമായിട്ടുള്ളത്. പതിമൂന്നാം ലോകസഭയിലും പതിനാലാം ലോകസഭയിലും ബൂട്ടാസിംഗിന്റെയും പി.കെ. മൽഹോത്രയുടെയും കമ്മിറ്റികൾ ശിപാർശ ചെയ്തിട്ടുള്ള 183 ഹെക്ടർ വനഭൂമി ശബരിമലയുടെ വികസനത്തിനായി ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ ഇടപെടണം എന്നുകൂടി ആവശ്യപ്പെടുകയാണ്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ശബരിമലയുമായി ബന്ധപ്പെട്ട നിർമ്മാണ വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ദേവസ്വം വകുപ്പുമന്ത്രി വൈസ് ചെയർമാനും ശബരിമലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ അംഗങ്ങളായും ശബരിമല വികസന അതോറിറ്റി എന്ന പേരിൽ ഒരു പുതിയ സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരമുള്ള റോപ്പ്‌വേ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി, നടത്തിപ്പ് എന്നിവ സംബന്ധിച്ച്

M/S EIGHTEENTH STEP DAMODAR CABLE CARS PRIVATE LIMITED എന്ന കമ്പനിക്ക് റവന്യൂ ഷെയർ അടിസ്ഥാനത്തിൽ നൽകി നിർമ്മാണ കരാരിൽ ഏർപ്പെട്ടിട്ടുണ്ട്. റോപ്‌വേ യാഥാർത്ഥ്യമാകുന്നതോടെ പമ്പയിൽനിന്നും സന്നിധാനത്തേയേക്കും തിരിച്ചുമുള്ള ചരക്കുനീക്കം പൂർണ്ണമായും റോപ്പ്‌വേ വഴി ഉപയോഗപ്പെടുത്താനാകും. റോപ്പ്‌വേ പദ്ധതിക്കായി പമ്പയ്ക്കും സന്നിധാനത്തിനും ഇടയ്ക്കുള്ള 4.536 ഹെക്ടർ വനഭൂമി ഡൈവർട്ട് ചെയ്യേണ്ടിവരുമെന്നതിനാൽ വനഭൂമിക്ക് പകരമായി ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ വില്ലേജിലെ സ്ഥലമാണ് പരിഹാര വനവൽക്കരണത്തിനായി ആദ്യം പരിഗണിച്ചത്. എന്നാൽ പ്രാദേശിക പ്രശ്നങ്ങൾ നിമിത്തം മേൽപ്പടി സ്ഥലം പരിഗണിക്കാനായില്ല എന്ന് റവന്യൂ വകുപ്പ് അറിയിക്കുകയും റവന്യൂ വകുപ്പുതന്നെ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി വില്ലേജിൽപ്പെട്ട മറ്റൊരു ഭൂമി പ്രൊപ്പോസ് ചെയ്യുകയുമുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം വനംവകുപ്പിന് സ്വീകാര്യമല്ലാതായിവന്നു. പിന്നീട് ദേവസ്വം വകുപ്പ് മുൻകൈയെടുത്ത് വനം മന്ത്രിയുടെയും റവന്യൂമന്ത്രിയുടെയും കൂടി സാന്നിധ്യത്തിൽ സർക്കാർതലത്തിൽ അഞ്ചോളം യോഗങ്ങൾ ചേരുകയും

അപ്രകാരം യോഗങ്ങൾ ചേർന്നതിന്റെ ഫലമായി കൊല്ലം ജില്ലയിൽ കുളത്തുപുഴയിൽ റവന്യൂ-വനം വകുപ്പുകൾക്ക് സ്വീകാര്യമായ ഭൂമി കണ്ടെത്തുകയും പ്രസ്തുത പരിഹാരവൽക്കരണത്തിനായി അനുവദിച്ചുകൊണ്ട് 16-11-2024-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. പ്രസ്തുത ഭൂമി പരിഹാരവൽക്കരണത്തിനായി അനുവദിച്ചുകൊണ്ട് 16-11-2024-ലെ ഉത്തരവുപ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവും അനുബന്ധ വിശദാംശങ്ങളും പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. വനം-വന്യജീവി ക്ലിയറൻസ് എന്നിവയ്ക്കായി സംയുക്ത പരിശോധന നടത്തി തുടർനടപടി സ്വീകരിച്ചുവരികയാണ്. ശബരിമല തീർഥാടനത്തിന് എത്തിച്ചേരുന്ന തീർഥാടകർക്ക് സമൃദ്ധമായ തീർഥാടനാനുഭവം നൽകുന്നതിനായി സ്ഥായിയായ അടിസ്ഥാനസൗകര്യ വികസനം, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ പുതിയ ഉത്തരവിലൂടെ സർക്കാർ ശബരിമല മാസ്റ്റർ പ്ലാനിന് അംഗീകാരം നൽകിയിരിക്കുന്നു. ശബരിമല-പമ്പ പരമ്പരാഗത പാത, നിലയ്ക്കൽ

എന്നിവയുടെ സമഗ്ര വികസനത്തിനാണ് 2050 വരെയുള്ള വികസന പദ്ധതികൾ മുൻകൂട്ടി കണ്ടുകൊണ്ട് തയ്യാറാക്കിയ ശബരിമല മാസ്റ്റർ പ്ലാനിൽ ലക്ഷ്യമിടുന്നത്. ശബരിമല മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ആരംഭിച്ച 2011-12 മുതൽ 148.5 കോടിയോളം രൂപ സർക്കാർ വിവിധ വികസന പദ്ധതികൾക്കായി ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കൽ ലേ-ഔട്ട് പ്ലാനിന് 2020-ൽ സർക്കാർ അംഗീകാരം നൽകിയിരുന്നു. ശബരിമല മാസ്റ്റർ പ്ലാൻ ഹൈപവർ കമ്മിറ്റിയുടെ പ്രവർത്തനത്തിലെ കാലതാമസം കാരണം ഫണ്ട് യഥാസമയം ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം നേരത്തെയുണ്ടായിരുന്നു. എന്നാൽ ഈ സർക്കാർ നിരന്തരമായ ഇടപെടൽ നടത്തിയതുമൂലം ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളെല്ലാംതന്നെ വേഗത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി സന്നിധാനത്തിന്റെയും പമ്പ ആൻഡ് ട്രക്ക് റൂട്ടിന്റെയും ലേഔട്ട് പ്ലാനുകൾക്ക് സർക്കാർ 09-01-2025-ൽ അംഗീകാരം നൽകുകയുണ്ടായി. ശബരിമല സന്നിധാനത്തിന്റെ ആത്മീയവും സാംസ്കാരികവുമായ പൈതൃകത്തെ മാനിച്ചുകൊണ്ടാണ് ലേഔട്ട് പ്ലാൻ

തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം സുരക്ഷയും സൗന്ദര്യാത്മക മെച്ചപ്പെടുത്തലുകളുടെയും ലേഔട്ട് പ്ലാൻ ഉറപ്പാക്കുന്നുണ്ട്. കേരളത്തിന്റെ പരമ്പരാഗത വാസ്തുശൈലിക്കനുസൃതമായി മാർഗനിർദേശങ്ങളും സവിശേഷതകളും ലേഔട്ട് പ്ലാൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. സന്നിധാന മേഖലയെ എട്ട് സോണുകളായി തിരിച്ചാണ് ലേഔട്ട് പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ശബരിമല സന്നിധാനത്തിന്റെ വികസനത്തിനായി 2022-27 വരെയുള്ള ആദ്യഘട്ടത്തിന് 600.47 കോടി രൂപയും 2028-2033 വരെയുള്ള രണ്ടാംഘട്ടത്തിന് 100.2 കോടി രൂപയും 2034-39 വരെയുള്ള മൂന്നാംഘട്ടത്തിന് 77.68 കോടി രൂപയുമുൾപ്പെടെ 778.17 കോടി രൂപയ്ക്ക് ലേഔട്ട് പ്ലാൻ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ശബരിമല തീർഥാടനത്തിനായുള്ള ട്രാൻസിറ്റ് ക്യാമ്പായിട്ടാണ് പമ്പയെ ലേഔട്ട് പ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളത്. കാനനപാതയിലൂടെയുള്ള തീർഥാടനം, സുരക്ഷിതവും സൗകര്യപ്രദവുമായ യാത്രയ്ക്കുതകുന്ന വിവിധ സങ്കേതങ്ങളുടെയും വിശ്രമസ്ഥലങ്ങളുടെയും ആവശ്യകതയാണ് ട്രക്ക് റൂട്ടിലെ ലേഔട്ട് പ്ലാനിൽ പ്രധാനമായും ഉൾപ്പെടുത്തിരിക്കുന്നത്. അതോടൊപ്പം എമർജൻസി വാഹനപാതയും കൂടി

ഉൾപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതിക പുനഃസ്ഥാപനത്തെ പിന്തുണയ്ക്കുന്നതിന് ട്രക്ക് റൂട്ടിന് ഇരുവശത്തും ബഫർസോൺ സ്ഥാപിച്ചിട്ടുണ്ട്. ചെറുതോ, താൽക്കാലികമോ ആയ നിർമ്മിതികൾക്ക് പരിമിതമായ അനുമതി ബഫർസോണിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ, തീർഥാടകർക്കുള്ള അവശ്യസേവനം നൽകുന്നതിനായി ബഫർസോണിൽ സൗകര്യങ്ങൾ ഏർപ്പെടുത്തികഴിഞ്ഞിട്ടുണ്ട്. ശബരിമല മാസ്റ്റർ പ്ലാനിലുൾപ്പെടുത്തി 2025-30 കാലയളവിൽ 314.96 ലക്ഷം രൂപയുടെ പദ്ധതികളാണ് ശബരിമല തീർഥാടന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പമ്പ-ഗണപതി ക്ഷേത്രം മുതൽ പമ്പ-ഹിൽടോപ്പുവരെ പമ്പാ നദിക്ക് കുറുകെ നിർമ്മിക്കുന്ന സുരക്ഷാപാലത്തിന് 31 കോടി 90 ലക്ഷം രൂപ

2. നിലയ്ക്കൽ ഇടത്താവളത്തിലെ കോർ ഏരിയകളുടെ വികസനത്തിന് 28.40 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

3. കുന്നാർ ഡാമിൽനിന്നും ശബരിമല സന്നിധാനത്തിലേയ്ക്കുള്ള കുടിവെള്ള പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിന് 994 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

4. നിലയ്ക്കൽ ഇടത്താവളങ്ങളുടെ റോഡുകളുടെയും അനുബന്ധ പാലങ്ങളുടെയും നിർമ്മാണത്തിന് വിശദമായ പദ്ധതിരേഖ പ്രകാരം അടങ്കൽ തുകയായി 145 കോടി രൂപ മാറ്റിയിട്ടുണ്ട്.

5. ശബരിമല സന്നിധാനത്തിലെ തീർഥാടന സൗകര്യ കേന്ദ്രം, തന്ത്രിമഠം, പ്രസാദനിർമ്മാണ-വിതരണ സമുച്ചയം എന്നിവയുടെ നിർമ്മാണത്തിനായി 96 കോടി രൂപ.

6. ശബരിമല സന്നിധാനത്ത് അഗ്നിശമന സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന പ്രവൃത്തിക്ക് 372 ലക്ഷം രൂപ. കൂടാതെ, ശബരിമല സന്നിധാനത്തെ തീർഥാടന ഗമന-നിർഗമന പാലം, നിലയ്ക്കൽ ഇടത്താവളങ്ങളിലെ ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനം എന്നിവയ്ക്കായി വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, നിലവിൽ ധാരാളം ഇടത്താവളങ്ങൾ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ തീർഥാടകർ ഏറെ ആശ്രയിക്കുന്ന സീതത്തോട്ടും കോന്നിയിലും ഉൾപ്പെടെയുള്ള ഇടത്താവളങ്ങളിൽ എല്ലാവർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് താൽക്കാലിക സംവിധാനങ്ങളൊരുക്കുകയാണ്. ഇവിടങ്ങളിൽ സ്ഥിരം സംവിധാനം ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കേരളത്തിലെ ഏക പൊതുമേഖലാ വിമാനത്താവളം, ഏറ്റവും കൂടുതൽ പ്രവാസികൾ ആശ്രയിക്കുന്ന വിമാനത്താവളം, വരുമാനത്തിൽ രാജ്യത്തെ മൂന്നാമത്തെ വിമാനത്താവളം എന്നിങ്ങനെ ഒട്ടനവധി സവിശേഷതകളുള്ള കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം പലവിധ പ്രശ്നനങ്ങളാൽ വികസന മുരടിപ്പ് നേരിട്ടുകൊണ്ടിരിക്കുകയാണ്. നേരത്തെ അവിടെ വൈഡ് ബോഡി

വിമാനങ്ങൾ, എയർ ഇന്ത്യ, സൗദി, എമിറേറ്റ്സ് വിമാനങ്ങൾ എന്നിവ സർവ്വീസ് നടത്തിയിരുന്നു. റീ കാർപ്പറ്റിംഗിനുവേണ്ടി വിമാനത്താവളത്തിന്റെ ഭാഗികമായ അടച്ചിടൽ, കോവിഡ് മഹാമാരി, വിമാനാപകടം തുടങ്ങിയ വിവിധ കാരണങ്ങളാൽ ഈ സർവ്വീസുകൾക്ക് തടസ്സം നേരിട്ടു. വിമാന അപകടത്തിനുശേഷം അതുസംബന്ധിച്ച് പഠനം നടത്തിയ എക്സ്പെർട്ട് കമ്മിറ്റി നിലവിലുള്ള RESA (Runway End Safety Area)-യുടെ നീളം 90 മീറ്ററിൽനിന്നും 240 മീറ്ററായി വർധിപ്പിച്ചെങ്കിൽ മാത്രമേ വൈഡ് ബോഡി വിമാനങ്ങൾ ഇറക്കാൻ സാധിക്കുകയുള്ളൂവെന്ന് റിപ്പോർട്ട് ചെയ്തു. അതിനായി ഏകദേശം 15 ഏക്കർ സ്ഥലം പുതുതായി കണ്ടെത്തേണ്ടിവന്നു. ടി സ്ഥലം ഏറ്റെടുക്കുന്ന സന്ദർഭത്തിൽ ജില്ലയിൽനിന്നുള്ള മന്ത്രി കൂടിയായ ശ്രീ. വി. അബ്ദുറഹിമാൻ, രണ്ട് എം.എൽ.എ.-മാർ, ജനപ്രതിനിധികൾ എന്നിവരുടെ മുമ്പാകെ സ്ഥലം വിട്ടുനൽകിയ ഉടമകൾ പറഞ്ഞത്, അവശേഷിക്കുന്ന സ്ഥലത്ത് ഞങ്ങൾക്ക് ആവശ്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ അനുമതിയുണ്ടാകണമെന്നാണ്. അതുപോലെ സ്ഥലം വിട്ടുനൽകുന്നമുറയ്ക്ക് അവർക്ക് നഷ്ടപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങൾ,

റോഡ് ആക്സസ് അടക്കമുള്ള കാര്യങ്ങളിലും വേഗത്തിൽ തീർപ്പുണ്ടാകണമെന്നുമാണ്. അതൊക്കെ സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് സ്ഥലം വിട്ടുനൽകിയത്. എന്നാൽ, നാളിതുവരെ അതുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ടി സ്ഥലം വിട്ടുനൽകിയ പതിനഞ്ചോളം ഭൂവുടമകൾക്ക് നിർമ്മാണ പ്രവർത്തനങ്ങളോ മറ്റ് പ്രവൃത്തികളോ നടത്താൻ സാധിക്കുന്നില്ല. എയർപോർട്ട് അതോറിറ്റി എൻ.ഒ.സി. നിഷേധിക്കുകയാണ്. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടണം. മാത്രമല്ല, റോഡ് ആക്സസ് അടക്കമുള്ള സൗകര്യങ്ങളില്ല. ഒരു ദ്വീപിൽ കഴിയുന്നതുപോലെയാണ് പത്തുപതിനഞ്ച് വീട്ടുകാർ അവിടെ ജീവിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, അങ്കണവാടി എന്നിവിടങ്ങളിലേയ്ക്ക് പോകാൻ സാധിക്കാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഗവൺമെന്റ് ടി വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. അതോടൊപ്പം പ്രസ്തുത

എയർപോർട്ടിൽനിന്നും ഒഴുകിപ്പോകുന്ന മലിനജലം എയർപോർട്ട് പരിസരത്ത് താമസിക്കുന്ന തദ്ദേശവാസികളുടെ കിണറുകളിലേയ്ക്കും വീടുകളിലേയ്ക്കും അടിച്ചുകയറുകയാണ്. എയർപോർട്ട് അതോറിറ്റിയെക്കൊണ്ട് സയന്റിഫിക്കായുള്ള ഒരു ഡ്രെയിനേജ് സിസ്റ്റം നിർമ്മിക്കുന്നതിനുള്ള അടിയന്തരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എയർപോർട്ട് അതോറിറ്റിയോട് പ്രോപ്പറായൊരു ഡ്രെയിനേജ് സിസ്റ്റം നിർമ്മിക്കണമെന്ന് ആവശ്യപ്പെടുകയും അത് വേഗത്തിൽ ചെയ്യിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും വേണം. കൂടാതെ, എയർപോർട്ടിലെ പാർക്കിംഗ് ഏരിയയുമായി ബന്ധപ്പെട്ട വിഷയമുണ്ട്. അവിടെ കരാറുകാരും യാത്രക്കാരും തമ്മിൽ നിരന്തരം സംഘർഷത്തിലാണ്. കാരണം, യാത്രക്കാരിൽനിന്നും അമിതമായ പാർക്കിംഗ് ചാർജ്ജ് ഈടാക്കുകയാണ്. അതിനൊരു പരിഹാരമുണ്ടാകണം. എയർപോർട്ട് വികസനത്തിനുവേണ്ടി ഏകദേശം 15.5 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വളരെ മന്ദഗതിയിലാണ് നീങ്ങുന്നത്. അത് പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകണം. അതുപോലെ കോഴിക്കോട് വിമാനത്താവളത്തിൽനിന്നും ഹജ്ജിനുപോകുന്ന ഹാജിമാർ

കണ്ണൂർ, കൊച്ചി തുടങ്ങിയ മറ്റ് വിമാനത്താവളങ്ങളിൽ ടിക്കറ്റിന് നൽകുന്നതിനേക്കാൾ 40,000 രൂപ അധികം നൽകിയാണ് യാത്ര ചെയ്യുന്നത്. ടി വിഷയത്തിൽ സർക്കാർ അടിയന്തരമായി ഇടപെടണം. പ്രിയപ്പെട്ട എം.പി.-യായ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ഉൾപ്പെടെയുള്ളവർ പാർലമെന്റിൽ ഈ വിഷയം ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്ന് അഭ്യർഥിക്കുകയാണ്. ഇതുപോലെ തദ്ദേശീയർ അനുഭവിക്കുന്ന വളരെ പ്രയാസകരമായ ഒട്ടേറെ കാര്യങ്ങളുണ്ട്. അതായത്, സ്ഥലം വിട്ടുനൽകിയെന്നതുകൊണ്ട് അവർ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് അടിയന്തര പരിഹാരമുണ്ടാകണമെങ്കിൽ അവിടെ റോഡ് ആക്സസ് സംവിധാനമുൾപ്പെടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയണം. അതുകൊണ്ട് സർക്കാർ ഈ വിഷയത്തിൽ സജീവമായി ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കോഴിക്കോട് വിമാനത്താവളവുമായി ബന്ധപ്പെട്ട

വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, അതോടൊപ്പംതന്നെ അവിടെയുള്ള ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നീ കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിരിക്കുന്നത്. എയർപോർട്ടുമായി ബന്ധപ്പെട്ട വഴികളുടെ കാര്യത്തിൽ കളക്ടറേറ്റിൽ വച്ച് ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുകയും ടി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജില്ലയിലെ ഡെപ്യൂട്ടി കളക്ടറെ നിയോഗിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. അതോടൊപ്പംതന്നെ ഹജ്ജ് യാത്രയുമായി ബന്ധപ്പെട്ട ടിക്കറ്റ് റേറ്റിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാർ നല്ലരീതിയിൽ ഇടപെടുന്നുണ്ട്. കഴിഞ്ഞതവണയും ഇതേ പ്രശ്നമുണ്ടായിരുന്നു. അന്നും നമ്മൾ നല്ല രീതിയിൽ ഇടപെട്ടിരുന്നു. ഇത് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, ടിക്കറ്റ് ചാർജ്ജ് വർധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രവാസികളായ മലയാളികൾ ഇന്ന് അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്. കേരളത്തിലെ രണ്ട് എയർപോർട്ടുകളിൽ ചാർജ്ജ് കുറവാണ്, എന്നാൽ

കോഴിക്കോട് എയർപോർട്ടിൽ ടിക്കറ്റ് ചാർജ് വർധന നിലനിൽക്കുന്നുണ്ട്. ഈ വസ്തുത പരിഗണിച്ച് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിമാരെ നേരിട്ട് കാണുകയും ഇതുമായിബന്ധപ്പെട്ട് നിവേദനങ്ങൾ നൽകുകയും കത്തയയ്ക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 12.54 ഏക്കർ ഭൂമി ഏറ്റെടുത്ത് 2023-ൽ എയർപോർട്ട് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതുകൂടാതെ, Runway lead in lighting system- ഉം Solar powered hazard light-ഉം സ്ഥാപിക്കുന്നതിനായി പള്ളിക്കൽ, ചേലാമ്പ്ര, കണ്ണമംഗലം വില്ലേജുകളിൽനിന്നുമായി 11.5 ആർ ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലമുടകൾ ചില ആശങ്കകൾ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ചശേഷമായിരിക്കും സർക്കാർ ഇതിന്മേൽ അന്തിമ തീരുമാനമെടുക്കുന്നത്. വിമാനത്താവള വികസനത്തിനായി 2047-ഓടെ 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ അനുസരിച്ച് ഏറ്റെടുക്കേണ്ട ഭൂമിയുടെ കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് സംയുക്ത സ്ഥലപരിശോധന വേണമെന്നും എയർപോർട്ട്

അതോറിറ്റിയുടെ സാങ്കേതിക വിദഗ്ധർകൂടി ഉൾക്കൊള്ളുന്ന ടീം രൂപീകരിക്കണമെന്നും ആവശ്യപ്പെട്ട് എയർപോർട്ട് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം, സൗകര്യം, മെച്ചപ്പെട്ട യാത്രാനുഭവം എന്നിവ ഉറപ്പുവരുത്തുന്നതിനായി നിരവധി വികസനപ്രവർത്തനങ്ങൾ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. യാത്രക്കാർക്ക് കൂടുതൽ സൗകര്യമൊരുക്കുന്നതിനായി ആഗമന കവാടത്തിലും vestibules ക്രമീകരിച്ചിട്ടുണ്ട്. 24 അധിക ചെക്കിങ് കൗണ്ടർ, പുതിയ ഡൊമസ്റ്റിക് സെക്യൂരിറ്റി ഹോൾഡ് ഏരിയ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, 32 എമിഗ്രേഷൻ കൗണ്ടറുകൾ, ഇന്റർനാഷണൽ അറൈവലിനായി കൂടുതൽ എസ്കലേറ്റർ നിർമ്മാണം, ഡൊമസ്റ്റിക് അറൈവലുകൾ, കൂടുതൽ ലഗ്ഗേജ് ബെൽറ്റുകൾ എന്നിവയുടെ നിർമ്മാണവും പുരോഗമിക്കുകയാണ്. ടെർമിനൽ ബിൽഡിംഗിൽ കൂടുതൽ റിസർവ്ഡ് ലോഞ്ചുകൾ സജ്ജമാക്കിയിട്ടുണ്ട്. കോഴിക്കോട്-കോലാലംപൂർ, കോഴിക്കോട്-കൊച്ചി-അഗത്തി സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇപ്രകാരം വിമാനത്താവളത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ

വിപുലീകരിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, കോഴിക്കോട് വിമാനത്താവളത്തിനെ പഴയകാല പ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടുവരണം. സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലുകൾ ഇതിനാവശ്യമാണ്. ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽപ്പോലും കോഴിക്കോട് വിമാനത്താവളത്തിനായി ഒരു നയാപൈസ വകയിരുത്തിയതായി കാണുന്നില്ല. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കണ്ണൂർ വിമാനത്താവളത്തിന് 526.63 കോടി രൂപ അനുവദിച്ചതിൽ പരാതിയില്ല. പക്ഷേ, സംസ്ഥാനത്തെ പൊതുമേഖലയിൽ പ്രവർത്തിക്കുന്ന ഏക വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളത്തിന് തുക വകയിരുത്താത്തത് ദുഃഖകരമാണ്. കോഴിക്കോട് വിമാനത്താവളത്തിന് ആവശ്യമായ ഫണ്ട് ബജറ്റ് ചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിൽ വകയിരുത്താൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിർദ്ദേശം നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേന്ദ്ര ഏവിയേഷൻ മന്ത്രാലയത്തിനുകീഴിലുള്ള ഒരു എയർപോർട്ടാണ് കോഴിക്കോട് എയർപോർട്ട്. സാധാരണയായി ഇത്തരം എയർപോർട്ടുകളുടെ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ ആവശ്യമായ സമയത്ത് സംസ്ഥാന സർക്കാർ പണം നീക്കിവയ്ക്കാറുണ്ട്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ, കഴിഞ്ഞതവണ RESA-യ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചപ്പോൾ ബജറ്റിൽ വകയിരുത്താതിരുന്നിട്ടുപോലും സമയബന്ധിതമായി സർക്കാർ പണം നൽകുകയാണുണ്ടായത്. അതുകൊണ്ട് അത്യാവശ്യഘട്ടങ്ങളിൽ വികസനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾക്ക്, പ്രത്യേകിച്ച് കോഴിക്കോട് എയർപോർട്ടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൃത്യമായ ഇടപെടലുണ്ടാകുമെന്ന് അങ്ങയെ അറിയിക്കുകയാണ്.